ഉത്തരം

(എ) കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്നും ഈ വർഷം ജൂൺ 30-ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ് ബില്ലുകൾ മാറി ലഭിച്ചിട്ടില്ല എന്നു കാണിച്ചുകൊണ്ടുള്ള ടി സ്ഥാപനങ്ങളുടെ നിവേദനം ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) നിവേദനം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

ലോട്ടറി മാഫിയകൾക്കെതിരെയുള്ള കേസുകളുടെ നടത്തിപ്പ്

33 [1863] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷങ്ങളിൽ സംസ്ഥാനത്ത് നിയമവിരുദ്ധ പേപ്പർ ലോട്ടറി ടിക്കറ്റുകൾ വിറ്റതിനെതിരെയും ഓൺലൈൻ ലോട്ടറി നടത്തിപ്പിനെതിരെയും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ബി) ഈ കേസുകളിൽ ഏതെങ്കിലും സർക്കാർ പിൻവലിക്കുകയോ തുടർ നടപടികൾ വേണ്ടെന്ന് തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പറയാമോ;

(ഡി) കേസുകൾ കോടതിയിലെത്തിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി)-(ഡി) ഉണ്ട്. 24-1-2005-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിലെ തുടർനടപടികൾ നിർത്തി വെയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോട്ടറി ഏജന്റുമാരുടെ കമ്മീഷൻ

34 [1864] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഏജന്റുമാർക്ക് നിലവിലുള്ള കമ്മീഷൻ വ്യവസ്ഥ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട ഏജന്റുമാർക്ക് നാമമാത്ര കമ്മീഷൻ നൽകുന്ന ഇപ്പോഴത്തെ വ്യവസ്ഥ പാവപ്പെട്ടവരായ ലോട്ടറി തൊഴിലാളികളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന വിവരം സർക്കാരിനറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പ്രതിസന്ധി പരിഹരിക്കാൻ ചെറുകിട ഏജന്റുമാർക്ക് നൽകുന്ന കമ്മീഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ ഏറ്റവും കൂടുതൽ ടിക്കറ്റ് വാങ്ങുന്ന പത്ത് ഏജന്റുമാരുടെ പേരും കഴിഞ്ഞ ഒരു നറുക്കെടുപ്പിന് അവർ വാങ്ങിയ ടിക്കറ്റിന്റെ എണ്ണവും വ്യക്തമാക്കുമോ;

(ഇ) നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏജന്റുമാർ എത്രയെന്നും ചില്ലറ വില്പനക്കാർ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോട്ടറി ഏജന്റുമാർക്ക് നിലവിലുള്ള കമ്മീഷൻ വ്യവസ്ഥ പ്രകാരം 100 ടിക്കറ്റിന് 25%, 50,000 വരെ 27.5%, 50,000 മുതൽ 7 ലക്ഷം വരെ 28%, 7 ലക്ഷത്തിനു മുകളിൽ ടിക്കറ്റ് വാങ്ങുന്നവർക്ക് 28.5 ശതമാനവും കമ്മീഷൻ നൽകുന്നുണ്ട്.

(ബി) & (സി) വൻകിട/ചെറുകിട ഏജന്റിന്റെ അടിസ്ഥാനത്തിലല്ല, നിലവിലുള്ള കമ്മീഷൻ. ടി നിരക്ക്, ടിക്കറ്റ് വിൽപ്പന പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ച് നിശ്ചയിച്ചിട്ടുള്ള ഒന്നാണ്.

(ഡി) 16-7-2005-ൽ നടന്ന എസ്. 519-ാം ഭാഗ്യക്കുറിയിലെ ടിക്കറ്റ് വിറ്റഴിച്ച സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) നിലവിൽ രജിസ്റ്റർ ചെയ്ത ഏജന്റുമാർ 3620 ആണ്. ചില്ലറ വിറ്റഴിച്ചവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

കേന്ദ്ര ലോട്ടറീസ് ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നത് തടയാൻ നടപടി

35 [1865] *ശ്രീ. കെ. മോഹൻകുമാർ:*

,, വി. ജെ. പൗലോസ്:

ശ്രീമതി മേഴ്സി രവി:

ശ്രീ. കെ. സുധാകരൻ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി, നിയമവിധേയമാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്തിയതിനു ശേഷം ഏതെല്ലാം സംസ്ഥാനങ്ങളിലെ പേപ്പർ ലോട്ടറി സംസ്ഥാനത്ത് വിറ്റഴിക്കുന്നുണ്ട്;

(ബി) ഇവ കേന്ദ്ര ലോട്ടറീസ് ആക്ടിലെ നിയമത്തിലെ വ്യവസ്ഥകളെ ലംഘിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകളെയാണ് ലംഘിക്കുന്നത്, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

---

†അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly